"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -ഗ്രേഡ് I ആയ ശ്രീ. അനിൽ കെ. ജോസ്-ന്റെ ഹൃദയ സംബന്ധമായ ചികിത്സക്കായി എറണാകുളം രാജഗിരി ഹോസ്പ്പിറ്റലിൽ ചെലവായ തുകയുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1531/2026/LSGD തീയതി,തിരുവനന്തപുരം, 14-08-2026

---

പരാമർശം:-

1. ശ്രീ. അനിൽ കെ. ജോസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -ഗ്രേഡ് I സമർപ്പിച്ച 29/10/19-ലെ അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09/03/2021 -ലെ (എൽ. ഡിസ് ) എം. ആർ 1/65109/2020/ഡിഎച്ച്എസ് നമ്പർ കത്ത്.
3. ഗ്രാമവികസന കമ്മീഷണറുടെ 05/08/2022-ലെ സിആർഡി/ 3274/2022/എസ്റ്റാ-സി1 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-ഗ്രേഡ് I ആയ ശ്രീ.അനിൽ കെ. ജോസ് -ന്റെ ഹൃദയ സംബന്ധമായ ചികിത്സക്ക് 10/08/2019 മുതൽ 13/08/2019 വരെയുള്ള കാലയളവിൽ എറണാകുളം രാജഗിരി ഹോസ്പ്പിറ്റലിൽ ചെലവായ തുകക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചു. ടി ചികിത്സയ്ക്ക് 1,27,309/-രൂപ (ഒരു ലക്ഷത്തി ഇരുപത്തിയേഴായിരത്തി മുന്നൂറ്റി ഒൻപത് രൂപ ) അനുവദനീയമാണെന്ന് പരാമർശം (2) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ എറണാകുളം ജില്ലയിൽ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -ഗ്രേഡ് I ആയ ശ്രീ. അനിൽ കെ. ജോസ് -ന്റെ ഹൃദയ സംബന്ധമായ ചികിത്സക്കായി 10/08/2019 മുതൽ 13/08/2019 വരെ കാലയളവിൽ എറണാകുളം രാജഗിരി ഹോസ്പ്പിറ്റലിൽ ചെലവായ

തുകയിൽ അനുവദനീയ തുകയായി പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ച 1,27,309/- രൂപയുടെ 80% ആയ 1,01,847/- രൂപ (ഒരു ലക്ഷത്തി ആയിരത്തി എണ്ണൂറ്റി നാൽപത്തിയേഴ് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകാൻ അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

1) ശ്രീ. അനിൽ കെ. ജോസ് , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-ഗ്രേഡ് I, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന).
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ബില്ലുകളും രേഖകളും സഹിതം).
3) സെക്രട്ടറി, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം.
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളാ, തിരുവനന്തപുരം.
5) ധനകാര്യവകുപ്പ്(അ.ഔ. നമ്പർ 3436149/Loans-L1/70/2026-FIN dated 18/07/2026).
6) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Digitally signed by
Rajesh Kumar. C
Date: 17-08-2026
16:50:04
സെക്ഷൻ ഓഫീസർ